# സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ്.

Reg # INDEMB/KWT/ASSN/121

**SMCA/2007-2008/03.**

സ്നേഹം നിറഞ്ഞ സീറോ മലബാർ കുടുംബാംഗങ്ങളേ,

ഡിസംബർ 7-ാം തിയതി നടന്ന കലാമത്സരങ്ങൾ ഭംഗിയായി നടത്തുവാൻ അനുഗ്രഹിച്ച ദൈവത്തിനു നന്ദി പറയുന്നതോടൊപ്പം, കലാമത്സരങ്ങളിൽ പങ്കെടുത്തവരെ അഭിനന്ദിക്കുകയും, അതിന്റെ നടത്തിപ്പിനായി പ്രവർത്തിച്ചവർക്കു കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു.

**ക്രിസ്തുമസ് ന്യൂയിയർ ഫാമിലി ഫെസ്റ്റ്:**

നമ്മുടെ ഈ വർഷത്തെ ക്രിസ്തുമസ് ന്യൂയിയർ ഫാമിലി ഫെസ്റ്റ് ജനുവരി 4-ാം തിയതി വൈകുന്നേരം 5.30 മുതൽ ഹാവല്ലി തിയേറ്ററിൽ (മസ്ര ഹാൾ) വച്ചു നടത്തപ്പെടുന്നതാണ്. ക്രിസ്തുമസ് ന്യൂയിയർ ഫാമിലി ഫെസ്റ്റിനോടനുബന്ധിച്ച് 2007 ൽ, വിവാഹ ജൂബിലി ആഘോഷിച്ച സംഘടനാംഗങ്ങളേയും, ആദ്യകുർബാന സ്വീകരിച്ച കുട്ടികളേയും സ്മരണിക നൽകി ആദരിക്കുന്നതാണ്. ആയതിലേക്കുള്ള പേരുവിവരങ്ങൾ ഡിസംബർ 30-ാം തിയതിക്കു മുമ്പായി അതാത് ഏരിയാ ജനറൽ കൺവീനർമാരെ അറിയിക്കേണ്ടതാണ്. കലാമത്സരങ്ങളിൽ വിജയികളായവർക്കുള്ള ട്രോഫികളും സർട്ടിഫിക്കേറ്റുകളും അന്നേദിവസം വിതരണം ചെയ്യുന്നതായിരിക്കും. അംഗങ്ങളും, അവരുടെ കുട്ടികളും, 750 ഫിൽസ് വീതവും അതിഥികൾ യഥാർത്ഥ ചിലവായ K.D 1.500 യും നൽകി ഫുഡ് കൂപ്പണുകൾ നേരത്തെ തന്നെ കൈപ്പറ്റേണ്ടതാണ്.

**റാഫിൾ കൂപ്പൺ:**

അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ള റാഫിൾ കൂപ്പണുകളുടെ നറുക്കെടുപ്പ് ക്രിസ്തുമസ് ന്യൂയിയർ ഫാമിലി ഫെസ്റ്റിനോടൊപ്പം നടത്തുന്നതും, സമ്മാനങ്ങൾ വിതരണം ചെയ്യുന്നതുമായിരിക്കും. ആയതിനാൽ കൂപ്പണുകൾ പരമാവധി വില്പന നടത്തി, കൗണ്ടർ ഫോയിലുകൾ ഡിസംബർ 31-ാം തിയതിക്കു മുൻപായി ഏരിയാകമ്മിറ്റി അംഗങ്ങളെ ഏല്പിക്കേണ്ടതാണ്.

**FBS ഫണ്ട് കളക്ഷൻ:**

നമ്മുടെ സംഘടനയിൽ സജീവാംഗമായിരിക്കെ (ഫഹാഹീൽ ഏരിയാ) രോഗാവസ്തയിലാവുകയും തുടർന്ന് മരണമടയുകയും ചെയ്ത ശ്രീമതി റോസമ്മ ബേബിച്ചൻ തയ്യിലിന്റെ അവകാശികൾക്ക്, നിയമാവലി അനുശാസിക്കുന്ന, ഫാമിലി ബനഫിറ്റ് സ്കീം പ്രകാരം നൽകേണ്ട തുകയായ രൂപാ രണ്ടു ലക്ഷം (KD. 1369.750) നൽകിയിട്ടുള്ളതും, ആയത് കൈപ്പറ്റി SMCA യും അംഗങ്ങളും അവരോടു പ്രകടിപ്പിച്ച സ്നേഹാദരവുകൾക്കു കൃതജ്ഞത അറിയിച്ചിട്ടുള്ളതുമാണ്.

അപ്രകാരം വിനിയോഗിക്കപ്പെട്ട തുക 45 ദിവസത്തിനകം അംഗങ്ങളിൽനിന്നും പിരിച്ചെടുത്ത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതിനാൽ, 2007 ഒക്ടോബർ ഒന്നാം തിയതിക്കു മുൻപ് കുടുംബാംഗത്വമെടുത്തിട്ടുള്ളവർ KD 2/ ഉം ഏകാംഗത്വമെടുത്തിട്ടുള്ളവർ KD 1/ ഉം ഫാമിലി ബനഫിറ്റ് ഫണ്ടിലേക്ക് നൽകി രസീത് കൈപ്പറ്റേണ്ടതാണ്. സൗകര്യപ്രകാരം നിശ്ചയിച്ചിക്കപ്പെട്ടിട്ടുള്ള ടി തുകകൾ സ്വീകരിക്കുവാൻ ഏരിയാകമ്മിറ്റി അംഗങ്ങൾ നിങ്ങളെ സമീപിക്കുമ്പോൾ പൂർണസഹകരണം അഭ്യർത്ഥിക്കുന്നു.

**ജി. സി. സി മീറ്റ്:**

2007 നവംബർ മാസം 30-ാം തിയതി ഖത്തറിൽ വച്ചു നടത്തപ്പെട്ട ജി. സി. സി. മീറ്റ്, ഗൾഫ് രാജ്യങ്ങളിൽ താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങളുടെ വിശ്വാസ തീക്ഷ്ണതയുടേയും, ദൈവാനുഭവത്തിന്റേയും ഉദ്ഘോഷണത്തോടൊപ്പം, പൈതൃകങ്ങൾ സംരക്ഷിക്കുവാനാഗ്രഹിക്കുന്ന ഒരു ജനസമൂഹത്തിന്റെ കൂട്ടായ്മയുടേയും പ്രതീകമായിരുന്നു. ഒരുക്കത്തോടും, ചിട്ടയോടും നടത്തപ്പെട്ട പ്രസ്തുതസമ്മേളനത്തിൽ ഗൾഫിലെ എല്ലാ രാജ്യങ്ങളോടുമൊപ്പം SMCA കുവൈറ്റിന്റെ 11 പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. സൗദി അറേബിയായിൽ നിന്നും ഏറ്റവും കൂടുതൽ പ്രതിനിധികൾ പങ്കെടുത്ത ജി. സി. സി. മീറ്റിന്റെ വിശദമായ റിപ്പോർട്ട് അടുത്തലക്കം ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം"** നമുക്കും മാലാഖമാരോടൊത്തുചേർന്ന് ദൈവത്തെ പാടിസ്തുതിക്കാം. 2007 ഡിസംബർ 25 ന് ആരംഭിക്കുന്ന ദൈവവചന വർഷത്തിൽ നമുക്ക് പങ്കാളികളാവാം. ഏവർക്കും ക്രിസ്തുമസ്സിന്റെ ആശംസകളോടൊപ്പം പുതുവർഷം ഐശ്വര്യത്തിന്റേയും ദൈവാനുഗ്രഹത്തിന്റേതുമായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കയും ചെയ്യുന്നു

കുവൈറ്റ്
15/12/2007

ഭരണസമിതിക്കു വേണ്ടി
**ജനറൽ സെക്രട്ടറി**

**അഡ്വ. ബെന്നി നാല്പതാംകളം**

(For Private Circulation only)